നമ്പർ. 34773/09/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

**തീയതി: 19.09.2009**

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - 2009-10 അധ്യയനവർഷം സ്കൂൾ കലോത്സവം നടത്തുന്നതിന് പുതിയ സോഫ്ട്‌വെയർ സംബന്ധിച്ച വിശദവിവരങ്ങൾ പുറപ്പെടുവിക്കുന്നു.**

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സ്വതന്ത്ര സോഫ്ട്‌വെയർ ഉപയോഗിക്കുന്നതിന്റെ ഭാഗമായി സ്കൂൾ കലോത്സവ സോഫ്ട്‌വെയറും ഈ വർഷം മുതൽ സ്വതന്ത്ര സോഫ്ട്‌വെയർ അധിഷ്ഠിതമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെ സംയോജിപ്പിച്ചുകൊണ്ട് നടത്തുന്ന സ്കൂൾ കലോത്സവം ഉപജില്ലാ കലോത്സവം മുതൽ സോഫ്ട്‌വെയറിന്റെ സഹായത്താലാണ് നടത്തുന്നത്. ലോവർ പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഇപ്പോൾ ആരംഭിച്ചിട്ടില്ലാത്തതിനാലാണ് സോഫ്ട്‌വെയറിന്റെ ഉപയോഗം പ്രൈമറി സ്കൂൾതലത്തിൽ ലഭ്യമാക്കാത്തത്. എന്നാൽ സ്കൂൾ തലത്തിൽ നടത്തുന്ന മത്സരങ്ങളിൽ നിന്ന് ഉപജില്ലാ തലത്തിലെ മത്സരങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കുന്ന കുട്ടികളുടെ പേരും മറ്റ് വിവരങ്ങളും ഉൾപ്പെടുത്തുന്നതിന് പ്രത്യേക സോഫ്ട്‌വെയർ ലഭ്യമാക്കുന്നതാണ്. ഈ സോഫ്ട്‌വെയറിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കേരള സ്കൂൾ കലോത്സവത്തിനുള്ള പ്രാഥമിക ഡാറ്റാ എൻട്രി നടക്കുന്നത് സ്കൂൾ തലത്തിൽ ആയിരിക്കും.

2. ഹൈസ്കൂൾ, ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ എല്ലാ സ്കൂളുകളും ഇതിനായി നൽകുന്ന പ്രത്യേക സോഫ്ട്‌വെയർ ഉപയോഗിച്ച് ഡാറ്റാ എൻട്രി നടത്തേണ്ടതാണ്.

3. ലോവർ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകൾ അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശിക്കുന്ന തൊട്ടടുത്ത ഹൈസ്കൂളിൽ ആണ് ഡാറ്റാ എൻട്രി നടത്തേണ്ടത്. ഇതിന്റെ ചുമതല ആ ഹൈസ്കൂളിലെ ഐടി കോർഡിനേറ്റർക്കായിരിക്കും.

4. ഉപജില്ലാ സ്കൂൾ കലോത്സവത്തിനുള്ള എൻട്രിഫോം, സ്കൂൾ കലോത്സവ മാനുവലിനു വിധേയമായി പൂരിപ്പിച്ച് ഡാറ്റാ എൻട്രിക്ക് നൽകേണ്ട ചുമതല (ഡാറ്റാ എൻട്രിക്ക് നിർദ്ദേശിക്കുന്ന സ്കൂളിൽ എത്തിക്കുന്നതുൾപ്പെടെ) അതതു സ്കൂൾ ഹെഡ്മാസ്റ്റർക്കായിരിക്കും.

5. ഡാറ്റാ എൻട്രിക്കായി തെരഞ്ഞെടുക്കുന്ന സ്കൂളുകളിൽ ആവശ്യമായ സൗകര്യങ്ങൾ സ്കൂൾ ഹെഡ്മാസ്റ്റർ ഒരുക്കേണ്ടതാണ്.

6. ഡാറ്റാ എൻട്രി നടത്തുന്നതിനാവശ്യമായ പരിശീലനം സ്കൂൾ ഐടി കോർഡിനേറ്റർക്ക് ഐടി സ്കൂളിന്റെ നേതൃത്വത്തിൽ നൽകുന്നതാണ്.

7. ഇതിനായി നടക്കുന്ന പരിശീലന പരിപാടിയിൽ എ.ഇ.ഒ-മാർ പ്രോഗ്രാം കമ്മിറ്റി കൺവീനർ (ഉപജില്ല) എന്നിവർ പങ്കെടുക്കേണ്ടതാണ്.

8. കലോത്സവത്തോടനുബന്ധിച്ച് നടക്കുന്ന പ്രധാന അധ്യാപകരുടെ യോഗത്തിൽ പുതിയ സംവിധാനത്തെക്കുറിച്ച് ഐടി@സ്കൂൾ പ്രതിനിധികൾ വിശദീകരിക്കേണ്ടതാണ്.

9. ഡാറ്റാ എൻട്രിഫോം സ്കൂളുകൾക്ക് ലഭ്യമാക്കൽ, പൂരിപ്പിച്ച ഫോമുകൾ ഡാറ്റാ എൻട്രി ചെയ്യൽ, സോഫ്ടവെയറിൽ ഉൾപ്പെടുത്തിയ ഡാറ്റാ പരിശോധന, സോഫ്ട്വെയർ ഉപയോഗിച്ച് തയ്യാറാക്കിയ ഡാറ്റാ, ഫോമുകൾ എന്നിവ തിരികെ പ്രോഗ്രാം കമ്മിറ്റിയെ ഏൽപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ തീയതി പ്രസ്തുത യോഗത്തിൽ തീരുമാനിക്കേണ്ടതാണ്.

10. സ്കൂളുകളിലെ ഡാറ്റാ എൻട്രി നടത്തി പ്രസ്തുത ഡാറ്റായുടെ പ്രിന്റൗട്ട് പരിശോധനയ്ക്കായി അതത് സ്കൂൾ ഹെഡ്മാസ്റ്റർക്ക് നൽകേണ്ട ചുമതല ഡാറ്റാ എൻട്രി നടത്തുന്ന സ്കൂളിലെ സ്കൂൾ ഐടി കോർഡിനേറ്റർക്ക് ആയിരിക്കും

11. പരിശോധനയ്ക്കായി നൽകിയ പ്രിന്റൗട്ടിൽ തെറ്റുകളോ നിയമാനുസൃത കൂട്ടിച്ചേർക്കലുകളോ വേണമെങ്കിൽ സ്കൂൾ ഹെഡ്മാസ്റ്റർമാർ വ്യക്തമായ രേഖകളോടെ ആവശ്യപ്പെട്ടാൽ ആയത് സോഫ്ട്വെയറിൽ ഉൾപ്പെടുത്തി തെറ്റുതിരുത്തേണ്ട ഉത്തരവാദിത്തവും സ്കൂൾ ഐടി കോർഡിനേറ്റർക്കായിരിക്കും.

12. സ്കൂൾതല ഡാറ്റാ എൻട്രി പൂർത്തിയാക്കിയ ശേഷം ലഭിക്കുന്ന ഡാറ്റാബേസും സാക്ഷ്യപ്പെടുത്തിയ എൻട്രി ഫോമും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ട ഉത്തരവാദിത്വം അതത് സ്കൂൾ ഹെർഡ്മാസ്റ്റർക്കായിരിക്കും.

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഇതു സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതും ജോലി കൃത്യസമയത്ത് തീരുന്നു എന്ന് ഉറപ്പുവരുത്തേണ്ട തുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
2. എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
3. ഐടി@സ്കൂൾ പ്രോജക്ടിലെ എല്ലാ DC/MTC/MT-മാർക്കും
4. എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)